# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **1082** — **06/06/2018**-ലെ മറുപടി

## ചേലക്കര നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.യു. ആർ. പ്രദീപ് | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ചേലക്കര നിയോജകമണ്ഡലത്തിലെ അതിരൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ;<br>(ബി) ഇതിനായി വാട്ടർ അതോറിറ്റി പ്രോജക്ട് വിഭാഗം ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ? | (എ) & (ബി) ചേലക്കര നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി പദ്ധതികളുടെ കാലപഴക്കം ചെന്ന മോട്ടോർ പമ്പ്സെറ്റുകൾ മാറ്റി പുതിയത് സ്ഥാപിക്കൽ, അധിക സമയം പമ്പിംഗ് ഏർപ്പെടുത്തൽ, വാൽവുകൾ സ്ഥാപിച്ച് മേഖല തിരിച്ച് ജല വിതരണം നടത്തൽ എന്നീ പ്രവർത്തികൾ നടപ്പിലാക്കി വരുന്നു. ശുദ്ധജല വിതരണ പൈപ്പുകളിലെ ലീക്കുകൾ പരിഹരിക്കുന്നതിനായി യഥാസമയം അറ്റകുറ്റ പണികൾ നടത്തുകയും, ജലമോഷണം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.<br><br>ചേലക്കര നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിന് താഴെ പറയുന്ന രണ്ടു പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ട്.<br>1. പാഞ്ഞാൾ - ചേലക്കര മുള്ളൂർക്കര പഞ്ചായത്തുകളിലേക്കുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി<br>2. തിരുവില്വാമല – കൊണ്ടാഴി പഴയന്നൂർ സമഗ്ര ശുദ്ധജലവിതരണ പദ്ധതി<br>മേൽ പദ്ധതികളുടെ ഡി.പി.ആർ തയ്യാറാക്കുന്നതിന് മുന്നോടിയായി സാധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. |

Renuka Sankar
സെക്ഷൻ ഓഫീസർ